# പ്രവാചകനിയോഗവും അഹ്മദികളുടെ ഭിന്നസ്വരങ്ങളും

അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ മുഖപത്രമായ 'സത്യദൂതൻ' മാസികയിൽ പ്രത്യക്ഷപ്പെട്ട പരസ്പര വിരുദ്ധവും കൗതുകകരവുമായ രണ്ടുലേഖനങ്ങളെ കുറിച്ചാണ് ഇവിടെ പരാമർശിക്കുന്നത്.

2010 ഡിസംബർ ലക്കം 'സത്യദൂത'നിൽ ഇനി മുജദ്ദിദുമാരുടെ ആവശ്യമില്ലെന്നും അവരുടെ ആഗമനം അപ്രസക്തമാണെന്നും മുഹമ്മദ് ഉമർഖാദിയാൻ എന്ന ലേഖകൻ എഴുതുകയുണ്ടായി. എന്നാൽ ഒരു മാസത്തിനകം 2011 ജനുവരി ലക്കം സത്യദൂതനിൽ ഇനിയും നബിമാർക്ക് വരാമെന്നും ദിവ്യവെളിപാടിന്റെ കവാടങ്ങൾ അടഞ്ഞുപോയിട്ടില്ലെന്നും യാസർ അറഫാത്ത് തിരുത്തിയാട് എന്ന മറ്റൊരു ലേഖകൻ പ്രസ്താവിച്ചിരിക്കുന്നു. ഒരാൾ മുജദ്ദിദുപോലും വരാൻ പാടില്ലെന്ന് പറഞ്ഞ് വാതിലടച്ചപ്പോൾ മറ്റൊരാൾ നബിമാർക്ക് തന്നെ പ്രവേശനം നൽകികൊണ്ട് വാതിൽ തുറന്ന് വെച്ചിരിക്കുകയാണ്.

**മുഹമ്മദ് ഉമർ ഖാദിയാൻ എഴുതുന്നു.**

*"മഹ്ദീ മസീഹിനാൽ സ്ഥാപിതമായ സജീവമായ ഖിലാഫത്ത് വ്യവസ്ഥ ഉണ്ടായിരിക്കെ മുജദ്ദിദുമാരുടെ ആഗമനം അപ്രസക്തമാണ് "(സത്യദൂതൻ 2010 ഡിസംബർ പേജ് 13)*

**ഒരുമാസം പിന്നിട്ട് യാസർ അറഫാത്ത് തിരുത്തിയാട് പറയുന്നു.**

*"ഹദ്റത്ത് അഹ്മദ് (അ) നു ശേഷം ഒരു തരത്തിലുള്ള നബിയും ഖിയാമത്ത് നാൾ വരെ വരികയില്ലെന്നോ, വഹിയിന്റെ വാതിലുകൾ അടക്കപ്പെട്ടുവെന്നോ ഒരു അഹ്മദിയും വാദിക്കുന്നില്ല. കാരണം ഇനി ഒരു നബിവരില്ലെന്ന വാദം ഏതുകാലത്തായാലും അല്ലാഹുവിന്റെ അതികഠിനമായ കോപത്തിന് കാരണമാകുന്നുവെന്ന് വി. ഖുർആൻ വ്യക്തമാക്കിത്തരുന്നു."* (സത്യദൂതൻ 2011 ജനുവരി - പേജ് 42-പ്രവാചകത്വം)

ഇനി നമുക്കിവിടെ അല്ലാഹുവിന്റെ പ്രവാചകൻ മുഹമ്മദ് മുസ്തഫാ (സ) തിരുമേനി വരാനിരിക്കുന്ന പരിഷ്കർത്താക്കളെ കുറിച്ച് വ്യക്തമായ മുന്നറിയിപ്പ് നൽകിയതെന്താണന്നു നോക്കാം.

"മതപരമായ തെറ്റുകൾ തിരുത്തി അവയ്ക്ക് നവജീവൻ പകരുന്നതിനായി ഈ സമുദായത്തിൽ നിന്ന് ഒരോ നൂറ്റാണ്ടിന്റെ തലക്കലും നിശ്ചയമായും അല്ലാഹു മുജദ്ദിദുമാരെ അയക്കുന്നതാണ്" - അബുദാവൂദ് (സൻമാർഗ്ഗദർശിനി)

നബിതിരുമേനി (സ)യുടെ ഈ പ്രവചനത്തേയും അഹ്മദിയ്യാ പ്രസിദ്ധീകരണമായ സൻമാർഗ്ഗദർശിനിയേയും തള്ളിപ്പറയാനാണ് മുഹമ്മദ് ഉമർഖാദിയാൻ

ശ്രമിച്ചതെങ്കിൽ, അതിനു വിരുദ്ധമായി വിശുദ്ധഖുർആന്റെ അദ്ധ്യാപനമനുസരിച്ച് നബിമാർക്ക് വരാമെന്നും അത് നിഷേധിക്കുന്നവർ അല്ലാഹുവിന്റെ കോപത്തിനിരയാകുമെന്നുമാണ് യാസർ അറഫാത്ത് വ്യക്തമാക്കിയത്. ചുരുക്കത്തിൽ സത്യദൂതൻ സത്യദൂതനോട് തന്നെ മറുപടിപറയുന്ന കൗതുകകരമായ കാഴ്ചയാണ് നാം കാണുന്നത്.

## പ്രവാചകത്വവും അഹ്മദികളും

പ്രവാചകത്വ ശ്യംഖല അവസാനിച്ചിട്ടില്ലെന്നും വഹ്യ്നിലച്ചിട്ടില്ലെന്നും പണ്ടു മുതലേ പറഞ്ഞുവന്ന അഹ്മദികൾ ഇപ്പോൾ യാസർ അറഫാത്തിന്റെ ലേഖനത്തിലൂടെയും അതാവർത്തിക്കുന്നുണ്ടെങ്കിലും മറ്റൊരു അന്ധവിശ്വാസത്തിലേക്ക് അവർ വഴുതിവീണതായി കാണാം. അഹ്മദിയ്യാപ്രസ്ഥാനത്തിന്റെ സ്ഥാപകരുടെ നിര്യാണത്തോടെ സദർ അഞ്ചുമൻ അഹ്മദിയ്യാ സംഘടനയുടെ അക്കാലത്തെ പ്രസിഡണ്ടിനെ സഭാമെമ്പർമാരെല്ലാം ചേർന്ന് ഖലീഫയാക്കി. ഇങ്ങനെ സ്ഥാപിച്ചെടുത്ത അഹ്മദിയ്യാ ഖിലാഫത്ത് ഖിയാമം നാൾവരെ തുടരുമെന്നും ഇനി മുജദ്ദിദുമാരുടെ ആവശ്യമില്ലെന്നും അഹ്മദിയ്യാ ഖിലാഫത്തോടെ എല്ലാറ്റിനും അന്ത്യം കുറിച്ചെന്നുമാണ് അഹ്മദികളുടെ ഇപ്പോഴത്തെ വിശ്വാസം. ഈ വിശ്വാസം അവരെ എത്തിച്ചിരിക്കുന്നത് ഒരോ നൂറ്റാണ്ടിലും അല്ലാഹുനിയോഗിക്കുന്ന ദൈവദൂതൻമാരെ നിഷേധിക്കുന്ന കുറ്റകരമായ പതനത്തിലേക്കാണ്. അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ സ്ഥാപകരുടെ അദ്ധ്യാപനം പോലും വിസ്മരിച്ചുകൊണ്ടാണ് അവരിപ്പോൾ ഈ അന്ധവിശ്വാസത്തെ കെട്ടിപ്പുണർന്നിരിക്കുന്നത്.

**ഹസ്റത്ത് അഹ്മദ് (അ) പറയുന്നു.**

*"ഞാനാണ് വാഗ്ദത്തമസീഹ് എന്നവകാശപ്പെടുന്ന ആൾ. എന്നാൽ വാഗ്ദത്ത മസീഹുമാരിൽ ആദ്യത്തെയും അവസാനത്തെയും ആൾ ഞാൻ മാത്രമാണ് എന്ന് അവകാശപ്പെടുന്നില്ല. എന്റെ വീക്ഷണത്തിൽ എന്റെ കാലശേഷം പതിനായിരം വാഗ്ദത്തമസീഹുമാർ വരും. പക്ഷെ ഈ കാലത്തേക്കുള്ള വാഗ്ദത്തമസീഹ് ഞാൻ തന്നെയാകുന്നു." (ഇസാലയെ ഔഹാം - പേജ് 197)*

**ഒരോ നൂറ്റാണ്ടിലും വരുന്ന മുജദ്ദിദുമാരെ നിഷേധിക്കുന്നവരെ കുറിച്ച് അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ സ്ഥാപകർ പറയുന്നു.**

*"ഒരോ നൂറ്റാണ്ടിന്റെയും തലക്കൽ മതനവീകരണത്തിന് ഒരു ദൈവദാസൻ നിയോഗിക്കപ്പെടുമ്പോൾ അജ്ഞരായ ജനം അതിനെ എതിരിടാൻ മുതിരുന്നു."*

**(ലക്ചർ സിയാൽകോട്ട് - മലയാളം - പേജ് 10)**

**ഇവിടെ അല്ലാഹു നിയോഗിക്കുന്ന കാലത്തിന്റെ ഖലീഫയായ മുജദ്ദിദിനേയോ അതല്ല സഭതിരഞ്ഞെടുക്കുന്ന അഹ്മദിയ്യാ ഖലീഫയേയോ ആരെയാണ് അംഗീകരിക്കേണ്ടതെന്ന ചോദ്യം അഹ്മദികളെ അലട്ടുന്നുണ്ട്. പ്രത്യേകിച്ച് സുന്നികളിൽ**

നിന്നും മുജാഹിദുകളിൽ നിന്നും മറ്റുള്ളവരിൽ നിന്നും അഹ്മദിയ്യാ ജമാഅത്തിലേക്ക് കടന്നു വന്നവർ നബിതിരുമേനി (സ) യുടെ ഹദീസുകളും അത് തെളിവായി ഉദ്ധരിച്ച അഹ്മദിയ്യാ സാഹിത്യങ്ങളും പഠിച്ചുകൊണ്ടാണ് അഹ്മദിയ്യാ വിശ്വാസം സ്വീകരിച്ചത്. അവരെ സംബന്ധിച്ചേടത്തോളം ഇസ്ലാമിക കാലഗണന പ്രകാരം ഇത് പതിനഞ്ചാം നൂറ്റാണ്ടാണ്. ഒരോ നൂറ്റാണ്ടിലും കാലത്തിന്റെ ഖലീഫമാരായിട്ടാണ് അല്ലാഹു മുജദ്ദിദുമാരെ അയക്കുന്നത്. നബിതിരുമേനി (സ) യുടെ പ്രവചനം സാക്ഷ്യപ്പെടുത്തുന്നതും കാലത്തിന്റെ ഖലീഫമാരായ മുജദ്ദിദുമാരെയാണ്. എന്നാൽ വിശ്വാസികളുടെ സഭതിരഞ്ഞെടുക്കുന്ന ഖലീഫക്ക് കാലവുമായി ബന്ധമില്ല. കാരണം, ഒരു ഖലീഫയുടെ മരണാനന്തരം പകരക്കാരനായ മറ്റൊരു ഖലീഫയെ ഏതെങ്കിലും ദിവസത്തിലോ മാസത്തിലോ വർഷത്തിലോ തിരഞ്ഞെടുക്കുമ്പോൾ കാലമോ നൂറ്റാണ്ടോഅതിന് സാക്ഷ്യം വഹിക്കുന്നില്ല. ഒരു ഖലീഫയുടെ മരണത്തെ ആശ്രയിച്ചു നിൽക്കുന്ന ഇത്തരം താല്ക്കാലികമായ നിയമനങ്ങൾ ഭൗതിക സംവിധാനത്തിലുള്ള ഒഴിവ് നികത്തുമെന്നല്ലാതെ അല്ലാഹുവിന്റെ ആത്മീയ സംവിധാനത്തിന്റെ ഭാഗമായ കാലത്തിന്റെ ഖലീഫയാകുന്നില്ല. അഹ്മദികൾക്ക് നിലവിലുള്ള അവരുടെ ഖിലാഫത്തിന്റെ കാര്യത്തിലും ചില സന്ദേഹങ്ങളുണ്ട്. ഖിലാഫത്ത് ദുർബലമാകുമ്പോൾ വിശ്വാസത്തെ ബലപ്പെടുത്താൻ പ്രവാചകനിയോഗം ഉണ്ടായേക്കുമെന്ന് അവർ സംശയിക്കുന്നു. ഖിയാമം നാൾ വരെ തുടരുമെന്ന് വിശ്വസിക്കപ്പെടുന്ന അഹ്മദിയ്യാ ഖിലാഫത്തിന് സംഭവിക്കുന്ന ബലക്ഷയത്തെ കുറിച്ച് ഉൽക്കണ്ഠാകുലനാകുന്ന യാസർ അറഫാത്ത് പറയുന്നു.

*"അതിനിടയിൽ ഈമാനെ ബലപ്പെടുത്തുന്നതിന് വേണ്ടി പ്രവാചക നിയോഗം വേണമെന്ന് അല്ലാഹു തിരുമാനിച്ചാൽ തീർച്ചയായും ഈ പരമ്പരയിൽ തന്നെ അല്ലാഹുനബിമാരെ നിയോഗിക്കുന്നതാണ്." (സത്യദൂതൻ2011 ജനുവരി പേജ് 43)*

**ഖിയാമം നാൾ വരെ തുടരുമെന്ന് പറയുന്ന അഹ്മദിയ്യാ ഖിലാഫത്തിനിടയിൽ ഈമാന് ബലഹീനത സംഭവിച്ചാൽ ഈ പരമ്പരയിൽ തന്നെ അല്ലാഹു പ്രവാചകൻമാരെ നിയോഗിക്കുമെന്ന് യാസർ അറഫാത്ത് പറയുന്നു. എന്നാൽ ഈ പരമ്പരയെന്ന് ലേഖകൻ സൂചിപ്പിച്ചത് മിർസാകുടുംബത്തിൽ നിന്നോ അതല്ല ഹസ്റത്ത് അഹ്മദ് (അ) ന്റെ ആത്മീയ കുടുംബത്തിൽ നിന്നോ? മിർസാകുടുംബമാണ് ഉദ്ദേശിക്കുന്നതെങ്കിൽ നാലാം ഖലീഫയുടെ തിരഞ്ഞടുപ്പോടെ ആഭ്യന്തരകലഹമാണ് ദൃശ്യമായത്. ആത്മീയ കുടുംബപരമ്പരയാണ് ഉദ്ദേശിക്കുന്നതെങ്കിൽ അത് ലോകത്തിന്റെ ഏത് കോണിലുമാകാം. അല്ലാഹുപ്രവാചകന്മാരെ തിരഞ്ഞെടുക്കുന്നതും അവനുദ്ദേശിക്കുന്ന സ്ഥലങ്ങളിൽ നിയോഗിക്കുന്നതും ഏതെങ്കിലും പ്രത്യേക കുടുംബവാഴ്ചയെ ഉദ്ദേശിച്ചല്ലല്ലോ.**

## മുജദ്ദിദും പതിനഞ്ചാം നൂറ്റാണ്ടും

മൊറീഷ്യസിലെ ഹസ്റത്ത് മുനീർ അഹ്മദ് അസീം തനിക്ക് ദൈവികവെളിപാടുകൾ ലഭിക്കുന്നുവെന്ന് അവകാശപ്പെടുകയും പതിനഞ്ചാംനൂറ്റാണ്ടിലെ മുഹ്‌യുദ്ദീനും മുജദ്ദിദും ഖലീഫത്തുള്ളയും അമീറുൽ മുഅ്മിനൂനും താനാണെന്ന് വാദിക്കുകയും ചെയ്തു. അദ്ദേഹം പറയുന്നു.

*"എനിക്ക് പണമോ പദവിയോ ആവശ്യമില്ല, മാനവരാശിക്ക് മുന്നറിയിപ്പ് നൽകാനായി അല്ലാഹു എന്നെ നിയോഗിച്ചിരിക്കുന്നു. ഞാൻ അല്ലാഹുവിന്റെ സന്ദേശത്തെ എത്തിക്കുന്നു എന്ന് മാത്രം. നിങ്ങൾ അത് സ്വീകരിച്ചാൽ നിങ്ങൾക്ക് ഐഹിക ജീവിതത്തിലും പാരത്രിക ജീവിതത്തിലും സംതൃപ്തി ലഭിക്കുന്നതാണ്. അല്ലാഹുവിന്റെ ഈ വാക്ക് നിരസിച്ചാൽ നിങ്ങൾക്കും എനിക്കുമിടയിൽ അല്ലാഹു വിധികല്പിക്കുന്നതാണ്, ഞാൻ ഈ നൂറ്റാണ്ടിലെ മുഹ്‌യുദ്ദിൻ ആണെന്ന് അല്ലാഹുവിനെ സാക്ഷിനിർത്തിക്കൊണ്ട് വിളംബരം ചെയ്യുന്നു."*

അദ്ദേഹം വീണ്ടും പറഞ്ഞു

*"അല്ലാഹു എന്നെ മുജദ്ദിദിന്റെ വേഷം അണിയിച്ചിരിക്കുന്നു.*
*ഞാൻ മനുഷ്യരുടെ കൈകളാൽ തിരഞ്ഞെടുക്കപ്പെട്ടവനല്ല. തീർച്ചയായും ഞാൻ ഈ കാലത്തേക്കുള്ള മുജദ്ദിദ് ആകുന്നു." (അനൽ മുജദ്ദിദോ)*

## വിശ്വാസികൾക്ക് സാന്ത്വനം

2008 മാർച്ച് 10ന് (1429 – റബീഉൽ അവ്വൽ 1 ) മൊറീഷ്യസിലെ മുനീർ അഹ്മദ് അസീം സാഹിബിന് അല്ലാഹുവിൽ നിന്ന് വെളിപാട് ലഭിച്ചതനുസരിച്ച് ജമാഅത്ത് സഹീഹിൽ ഇസ്ലാം രൂപീകരിച്ചു. ഇത് ഒരു പുതിയ മതമല്ല. മത ശാഖയുമല്ല. നിലവിലുള്ള ഏതെങ്കിലും സംഘടനയുടെ ശാഖയുമല്ല. നബിതിരുമേനി (സ) യുടെ പ്രവചന സാക്ഷാൽകാരമായി ഇസ്ലാമിലെ വിശ്വാസികളുടെ കൂട്ടത്തിൽ നിന്നും ദൈവിക വെളിപാടുകൾ ലഭിച്ചതിന്റ അടിസ്ഥാനത്തിൽ വിശ്വാസ നവീകരണം നടത്താൻ ഒരോ നൂറ്റാണ്ടിലും വരുന്ന പരിഷ്കർത്താവിന്റെ വരവോടുകൂടി രൂപമെടുക്കുന്ന വിശ്വാസികളുടെ കൂട്ടമാണ് ഈ പ്രസ്ഥാനം. പ്രവാചകശ്രേഷ്ഠരായ ഹസ്റത്ത് മുഹമ്മദ് നബി(സ) മാനവരാശിക്ക് സമർപ്പിച്ച വിശ്വാസാദർശങ്ങളുടെയും ജീവിതദർശനങ്ങളുടെയും അടിസ്ഥാനത്തിൽ രൂപം കൊണ്ട ഒരു പ്രസ്ഥാനം. അതാണ് ജമാഅത്ത് സഹീഹിൽ ഇസ്ലാം അഥവാ ഇസ്ലാമിലെ യഥാർത്ഥ സംഘം. പ്രവാചക പ്രഭുവായ മുഹമ്മദ് മുസ്തഫാ (സ) ന്റെ പ്രവചനമനുസരിച്ച് ഈ നൂറ്റാണ്ടിന്റെ തലക്കൽ തന്നെ അല്ലാഹു ഒരു മഹാത്മാവിനെ നിയോഗിച്ചിരിക്കുന്നു. വിശ്വാസികൾക്ക് സാന്ത്വനം നൽകുന്ന ഈ കൂട്ടായ്മയിലേക്ക് മാനവരാശിയെ സവിനയം ഞങ്ങൾ ക്ഷണിച്ചുകൊള്ളുന്നു.

ഇ. താഹിർ
സെക്രട്ടറി
ജമാഅത്ത് സഹീഹിൽ ഇസ്ലാം-കേരള

www.jamaath-ul-sahih-al-islam.com, E Mail . Jamalraother @gmail.com, etmanasam@gmail.com, Mob: 9746525847

Perfect Printers, Kannur - Copies 1000